# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 78** **08.01.2014-ലെ മറുപടിക്ക്**

## കയറ്റിറക്കുകൂലി പോസ്റ്റ് ഓഫീസ്, അക്ഷയകേന്ദ്രങ്ങൾ എന്നിവ വഴി സ്വീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ചുമട്ടുതൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?<br>(ബി) ഇതിനുള്ള അനുമതി തൊഴിൽ വകുപ്പ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) ചുമട്ടുതൊഴിലാളികൾക്കുള്ള കയറ്റിറക്കു കൂലി പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് 22/5/2012 ലെ സ.ഉ.(സാധാ) നം. 768/12/തൊഴിൽ പ്രകാരം സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. |
| (സി) ഇതിനുള്ള തുടർ നടപടികൾ ആരാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവാണ് തുടർ നടപടി സ്വീകരിക്കേണ്ടത്. പ്രസ്തുത ഉത്തരവു പ്രകാരം പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയകേന്ദ്രം എന്നിവ വഴി കയറ്റിറക്കു കൂലി സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ